## പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം.219 — 25.04.2017 ൽ മറുപടിയ്ക്ക്

### ജയിൽ ശിക്ഷ അനുഭവിക്കുന്നവർക്ക് ശിക്ഷാകാലയിളവ് അനുവദിക്കുന്ന നടപടി

| ചോദ്യം<br>ശ്രീ. ടി.വി. ഇബ്രാഹിം | | ഉത്തരം<br>ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
|---|---|---|---|
| (എ) | ശിക്ഷാ കാലാവധി പൂർത്തിയാക്കും മുമ്പ് ജയിൽ ശിക്ഷ അനുഭവിക്കുന്നവരെ മോചിപ്പിക്കുന്നതിന് ജയിൽ ഉപദേശക സമിതി ശുപാർശ നൽകുന്നതിന്റെ നടപടിക്രമവും മാനദണ്ഡവും എന്താണെന്ന് വ്യക്തമാക്കുമോ ; | (എ) | 2014-ലെ കേരള പ്രിസണുകളും സംശുദ്ധീകരണ സാന്മാർഗ്ഗീകരണ സേവനങ്ങളും (നിർവ്വഹണം) ചട്ടങ്ങളിലെ 462 മുതൽ 470 വരെയുള്ള ചട്ടങ്ങളിൽ നിഷ്കർഷിക്കുന്ന പ്രകാരമാണ് ജയിൽ ഉപദേശകസമിതികൾ പ്രവർത്തിക്കുന്നതും ശിപാർശ നൽകുന്നതും (പകർപ്പ് അനുബന്ധമായി ചേർക്കുന്നു) |
| (ബി) | ചില പ്രത്യേക കുറ്റകൃത്യങ്ങൾക്ക് ശിക്ഷ അനുഭവിക്കുന്നവർക്ക് ശിക്ഷാകാലയിളവ് അനുവദിക്കാൻ പാടില്ലെന്ന് വ്യക്തമാക്കി സുപ്രീംകോടതി നിർദ്ദേശം നിലവിലുണ്ടോ ; എങ്കിൽ അതു സംബന്ധിച്ച നിർദ്ദേശത്തിന്റെ വിശദവിവരം വെളിപ്പെടുത്തുമോ ; | (ബി) | ബഹു. സുപ്രീംകോടതിയുടെ 48/2014 നമ്പർ കേസിലെ 23.07.2015 തീയതിയിലെ ഉത്തരവനുസരിച്ച് താഴെപ്പറയുന്ന വിഭാഗത്തിലുള്ള ജീവപര്യന്തം തടവുകാർക്ക് ശിക്ഷായിളവ് (ക്രിമിനൽ നടപടി നിയമ സംഹിതയിലെ 432 വകുപ്പ് പ്രകാരമുള്ള റെമിഷൻ, 433 വകുപ്പ് പ്രകാരമുള്ള കമ്മ്യൂട്ടേഷൻ എന്നിവ) അനുവദിക്കരുതെന്ന് നിർദ്ദേശമുണ്ടായിരുന്നു.<br>1. ജീവിതാവസാനം വരെ തടവിൽ കഴിയണമെന്ന് പ്രത്യേകം വിധിച്ചിട്ടുള്ള കേസുകൾ.<br>2. ഒരു നിർദ്ദിഷ്ട കാലയളവ് ശിക്ഷ പൂർത്തിയാകാതെ ശിക്ഷായിളവിന് പരിഗണിക്കരുതെന്ന് പ്രത്യേകം വിധി പ്രഖ്യാപിച്ചിട്ടുള്ള ജീവപര്യന്തം കേസുകൾ.<br>3. സി.ബി.ഐ. പോലുള്ള കേന്ദ്ര ഏജൻസികൾ അന്വേഷണം നടത്തി ശിക്ഷിക്കപ്പെട്ടിട്ടുള്ള ജീവപര്യന്തം കേസുകൾ.<br>4. ഏതെങ്കിലും കേന്ദ്ര നിയമത്തിന്റെ അടിസ്ഥാനത്തിലോ ഇന്ത്യൻ ശിക്ഷാ നിയമം 376 വകുപ്പ് പ്രകാരമോ ജീവപര്യന്തം ശിക്ഷിക്കപ്പെട്ട കേസുകൾ. |

| | | | |
|---|---|---|---|
| | | | 5. ശിക്ഷായിളവിന് (remission / commutation) അപേക്ഷ സമർപ്പിക്കപ്പെടാതിരിക്കുകയും മറിച്ച് ബന്ധപ്പെട്ട സംസ്ഥാന സർക്കാരുകളോ അധികൃതരോ സ്വമേധയാ പരിഗണിക്കുന്ന കേസുകൾ<br>എന്നാൽ രാഷ്ട്രപതിക്ക് ഭരണഘടനയുടെ 72-ാം അനുച്ഛേദ പ്രകാരവും ഗവർണർക്ക് ഭരണഘടനയുടെ 161-ാം അനുച്ഛേദ പ്രകാരവും മേൽ വിഭാഗം തടവുകാരെ അകാല വിടുതൽ അനുവദിച്ച് വിട്ടയയ്ക്കുന്നതിന് യാതൊരു വിലക്കുകളുമില്ല. |
| (സി) | കഴിഞ്ഞ അഞ്ചു വർഷത്തിനിടെ ജയിൽ ഉപദേശക സമിതിയുടെ ശുപാർശ പ്രകാരം വിട്ടയച്ചവരിലും വിട്ടയയ്ക്കാനുള്ള ശുപാർശ നിലവിലുള്ളവരിലും മേൽ സുപ്രീംകോടതി നിർദ്ദേശത്തിൽ സൂചിപ്പിക്കുന്ന കുറ്റകൃത്യങ്ങൾ ചെയ്തവർ എത്ര പേരുണ്ടെന്നും അവരുടെ പേരു വിവരവും ചെയ്ത കുറ്റവും സംബന്ധിച്ച വിശദ വിവരവും നൽകുമോ ? | (സി) | മേൽ സുപ്രീംകോടതി നിർദ്ദേശത്തിൽ സൂചിപ്പിക്കുന്ന കുറ്റകൃത്യങ്ങൾ ചെയ്ത തടവുകാരെ കഴിഞ്ഞ 5 വർഷത്തിനി - ടയിലോ, അതിന് ശേഷമോ ജയിൽ ഉപദേശക സമിതി ശുപാർശ പ്രകാരം വിട്ടയച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ

അനുബന്ധം

## അദ്ധ്യായം മുപ്പത്തിയാറ്

## അകാല വിടുതൽ ശുപാർശ ചെയ്യുന്നതിനുള്ള ഉപദേശകസമിതി

462. ***ഉപദേശകസമിതി.***—ആക്റ്റിലെ 77-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം രൂപീകരിച്ച ഉപദേശക സമിതി, ഓരോ സെൻട്രൽ ജയിലിലും തുറന്ന ജയിലിലും വനിതാ ജയിലിലും തടവുകാരുടെ കാലാവധി തീരുന്നതിന് മുമ്പുള്ള വിടുതൽ പരിശോധിക്കേണ്ടതും ഉചിതമായ ശുപാർശകൾ സർക്കാരിൽ സമർപ്പിക്കേണ്ടതുമാണ്.

463. ***സമിതിയുടെ ഘടന.***—(1) ഉപദേശകസമിതിയിൽ ചുവടെ ചേർക്കുന്ന അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്:

| | | | |
|---|---|---|---|
| (എ) | ജയിൽ വകുപ്പുമേധാവി | .. | ചെയർമാൻ |
| (ബി) | ജയിൽ സ്ഥിതി ചെയ്യുന്ന ജില്ലയുടെ കളക്ടർ | .. | മെമ്പർ |
| (സി) | ജയിൽ സ്ഥിതി ചെയ്യുന്ന ജില്ലയുടെ ഡിസ്ട്രിക്ട് ആന്റ് സെഷൻസ് ജഡ്ജ് | .. | മെമ്പർ |
| (ഡി) | ജയിൽ സ്ഥിതി ചെയ്യുന്ന ജില്ലയിലെ കമ്മീഷണർ ഓഫ് പോലീസ്/ഡിസ്ട്രിക്ട് പോലീസ് ചീഫ് | .. | മെമ്പർ |
| (ഇ) | ജയിൽ സ്ഥിതി ചെയ്യുന്ന ജില്ലയിലെ ഡിസ്ട്രിക്ട് പ്രൊബേഷൻ ഓഫീസർ | .. | മെമ്പർ |
| (എഫ്) | സർക്കാർ നിയമിക്കുന്ന 3 അനൗദ്യോഗിക അംഗങ്ങൾ | .. | മെമ്പർമാർ |
| (ജി) | ബന്ധപ്പെട്ട ജയിൽ സൂപ്രണ്ട് | | മെമ്പർ സെക്രട്ടറി |

(2) അനൗദ്യോഗിക അംഗങ്ങളുടെ കാലാവധി സാധാരണഗതിയിൽ 5 വർഷമായിരിക്കും. 6 മാസത്തിലൊരിക്കലെങ്കിലും സമിതി കൂടേണ്ടതാണ്. സമിതിയുടെ ക്വോറം 4 ആയിരിക്കുന്നതും അതിൽ ഒരാളെങ്കിലും അനൗദ്യോഗികാംഗം ആയിരിക്കേണ്ടതുമാണ്:

എന്നാൽ മതിയായ കാരണങ്ങളാൽ ഗവൺമെന്റിന് മേൽപ്പറഞ്ഞ കാലാവധിയ്ക്കുള്ളിൽ എപ്പോൾ വേണമെങ്കിലും അനൗദ്യോഗികാംഗങ്ങളുടെ നിയമനം റദ്ദ് ചെയ്യാവുന്നതാണ്.

464. ***സമിതിയുടെ കർത്തവ്യങ്ങൾ.***—(1) ചുവടെ ചേർക്കുന്ന വ്യവസ്ഥകൾക്ക് വിധേയമായി തടവുകാരുടെ കേസ്സുകൾ പരിഗണിച്ച് അകാലവിടുതലിനെ സംബന്ധിച്ച് ഉചിതമായ ശുപാർശകൾ സമിതി സർക്കാരിന് നൽകേണ്ടതാണ്, അതായത്:—

(i) ശിശുഹത്യയ്ക്ക് ശിക്ഷിക്കപ്പെട്ട വനിതാ കുറ്റവാളികളെ സംബന്ധിച്ച് കേസ്സുകൾ ജയിലിൽ പ്രവേശിപ്പിച്ച ഉടൻതന്നെ പുനഃപരിശോധിക്കേണ്ടതും നല്ല നിലയിൽ പ്രവർത്തിക്കുന്ന സന്നദ്ധസംഘടനകളുടെ സംരക്ഷണത്തിൽ ഒരു നിശ്ചിതകാലത്തേയ്ക്ക് അയയ്ക്കേണ്ടതുമാണ്;

(ii) കേസ്സുകൾ ജയിലിൽ പ്രവേശിപ്പിച്ച ഉടൻതന്നെ പരിശോധിച്ച് സന്നദ്ധസംഘടനകളുടെ സംരക്ഷണയിലേക്ക് അയയ്ക്കേണ്ടതാണ്;

(iii) ജീവപര്യന്തം ശിക്ഷിക്കപ്പെട്ട വനിതാ കുറ്റവാളികളെ സംബന്ധിച്ച് 1973-ലെ ക്രിമിനൽ നടപടി നിയമസംഹിതയിലെ 433എ. വകുപ്പിന്റെ പരിധിയിൽ വരുന്നതും യഥാർത്ഥ ശിക്ഷ പതിനാല് വർഷം പൂർത്തിയായതിനുശേഷം മാത്രം പരിഗണിക്കേണ്ട കേസുകൾ ഒഴിച്ചുള്ള കേസുകളിൽ ശിക്ഷായിളവ് ഉൾപ്പെടെ ഏഴ് വർഷം പൂർത്തിയാകുമ്പോൾ പരിഗണിക്കേണ്ടതാണ്;

(iv) പുരുഷന്മാരും യുവാക്കളുമായ കുറ്റവാളികളായ ജീവപര്യന്തം തടവുകാരെ സംബന്ധിച്ച് 1973-ലെ ക്രിമിനൽ നടപടി നിയമസംഹിതയിലെ 433എ വകുപ്പിന്റെ പരിധിയിൽ വരുന്നതും യാഥാർത്ഥ ശിക്ഷ 14 വർഷം പൂർത്തിയായതിനുശേഷം മാത്രം പരിഗണിക്കേണ്ട കേസുകൾ ഒഴിച്ചുള്ള കേസുകളിൽ ശിക്ഷായിളവ് ഉൾപ്പെടെ 10 വർഷം പൂർത്തിയാകുമ്പോൾ പരിഗണിക്കേണ്ടതാണ്;

(v) സ്ഥിരം കുറ്റവാളികളല്ലാത്ത പുരുഷന്മാരെയും യുവാക്കളായ കുറ്റവാളികളെയും സംബന്ധിച്ച് ജീവപര്യന്തം തടവിന് ശിക്ഷിക്കപ്പെടാത്തതും എന്നാൽ ഒരു വർഷത്തിൽ കൂടുതൽ കാലയളവിലേയ്ക്ക് ശിക്ഷിക്കപ്പെട്ടിട്ടുള്ളതുമായ കേസുകളിൽ ഇളവുകൾ ഉൾപ്പെടെ യഥാർത്ഥ ശിക്ഷയുടെ പകുതി പൂർത്തിയാകുന്ന മുറയ്ക്കും എന്നാൽ ഒരു വർഷത്തേയ്ക്ക് മാത്രം ശിക്ഷിക്കപ്പെട്ടവരുടെ കേസുകളിൽ ശിക്ഷായിളവ് ഉൾപ്പെടെ ഒരു വർഷം പൂർത്തിയായതിനുശേഷം എന്ന നിബന്ധനയിലും പരിഗണിക്കേണ്ടതാണ്;

(vi) സ്ഥിരം കുറ്റവാളികളല്ലാത്ത വനിതാ കുറ്റവാളികളെ സംബന്ധിച്ച് ജീവപര്യന്തം തടവിന് ശിക്ഷിക്കപ്പെടാത്തതും എന്നാൽ ഒരു വർഷത്തിൽ കൂടുതൽ കാലയളവിലേക്ക് ശിക്ഷിക്കപ്പെട്ടിട്ടുള്ളതുമായ കേസുകളിൽ ഇളവുകൾ ഉൾപ്പെടെ യഥാർത്ഥ ശിക്ഷയുടെ പകുതിയോ, 7 വർഷമോ ഏതാണോ കുറവ് എന്ന വ്യവസ്ഥയിൽ മോചനത്തിന് പരിഗണിക്കേണ്ടതാണ്. ശിക്ഷായിളവ് ഉൾപ്പെടെ ഏറ്റവും കുറഞ്ഞത് ഒരു വർഷമെങ്കിലും ഇത്തരം തടവുകാർ ശിക്ഷ പൂർത്തിയായതിനുശേഷമേ മോചിപ്പിക്കാവൂ എന്ന നിബന്ധനയ്ക്ക് വിധേയമായിരിക്കുന്നതാണ്;

(vii) സ്ഥിരം കുറ്റവാളികളെ സംബന്ധിച്ച് ജീവപര്യന്തം തടവിന് ശിക്ഷിക്കപ്പെടാത്തവരും 5 വർഷമോ അതിൽ കൂടുതലോ ശിക്ഷിക്കപ്പെട്ടവരുമായ സ്ഥിരം കുറ്റവാളികളുടെ കാര്യത്തിൽ ശിക്ഷായിളവുകൾ ഉൾപ്പെടെ ശിക്ഷയുടെ മൂന്നിൽ രണ്ട് പൂർത്തിയാകുന്ന മുറയ്ക്കും വിടുതലാകുന്നതിന് മുമ്പ് ശിക്ഷായിളവുകൾ ഉൾപ്പെടെ 5 വർഷമെങ്കിലും ജയിലിൽ കഴിഞ്ഞിരിക്കണമെന്ന നിബന്ധനയും പരിഗണിക്കേണ്ടതാണ്;

(viii) 65 വയസ്സ് കഴിഞ്ഞ പുരുഷന്മാരും 55 വയസ്സ് കഴിഞ്ഞ സ്ത്രീകളും അവശരുമായ കുറ്റവാളികളെ സംബന്ധിച്ച് 1973-ലെ ക്രിമിനൽ നടപടി നിയമസംഹിതയിലെ 433എ വകുപ്പിന്റെ പരിധിയിൽ വരാത്ത, ഒരു വർഷമോ അതിലേറെയോ ശിക്ഷിക്കപ്പെട്ടവരുടെ കേസുകൾ ശിക്ഷയുടെ മൂന്നിലൊന്ന് പൂർത്തിയാക്കുന്ന മുറയ്ക്ക് ഇളവുകളുൾപ്പെടെ ഒരു വർഷമെങ്കിലും ജയിലിൽ കഴിഞ്ഞിരിക്കണമെന്ന നിബന്ധനയും പരിഗണിക്കേണ്ടതാണ്;

(ix) തടവുകാരൻ, ഭേദമാകാത്ത രോഗങ്ങൾ ബാധിച്ച്, മരണകാരണമായേക്കാം എന്ന് നിയോഗിക്കപ്പെട്ട ഒരു മെഡിക്കൽബോർഡ് സാക്ഷ്യപ്പെടുത്തുന്ന സാഹചര്യത്തിൽ അനുയോജ്യമായ ശുപാർശ നൽകാവുന്നതാണ്.

(2) മേൽപ്പറഞ്ഞ വിഭാഗങ്ങളെ സമൂഹത്തിന് ദോഷകരമായി ബാധിക്കാത്തതരത്തിൽ വിടുതൽ ചെയ്യുന്നതിനുള്ള ശുപാർശ സമിതി സമർപ്പിക്കേണ്ടതാണ്.

465. ***സമിതിയ്ക്ക് ലഭ്യമാക്കേണ്ട റെക്കാർഡുകളും വിവരങ്ങളും***.—(1) തടവുകാരുടെ മോചനത്തിനുള്ള അർഹത ഉപദേശക സമിതിയ്ക്ക് നിർണ്ണയിക്കുന്നതിനായി ഓരോ കേസിലേയും വിധിന്യായത്തിന്റെ പകർപ്പുകളും തടവുകാരന്റെ പൂർണ്ണവും കൃത്യവുമായുള്ള പൂർവ്വകാല ചരിത്രവും ജയിൽ രേഖകളും കൃത്യമായും ഹാജരാക്കേണ്ടതാണ്. ആയതിനുള്ള ചുമതല സമിതിയിലെ മെമ്പർ സെക്രട്ടറിയ്ക്ക് ആയിരിക്കുന്നതും എന്നാൽ പോലീസ്, നീതിന്യായവകുപ്പ്, സാമൂഹ്യക്ഷേമ വകുപ്പ് എന്നീ വകുപ്പുകൾ പ്രസ്തുത വിവരങ്ങൾ ശേഖരിക്കുന്നതിനായി അദ്ദേഹത്തെ നിർബന്ധമായും സഹായിക്കേണ്ടതുമാണ്. ചുവടെ ചേർക്കുന്ന വിവരങ്ങൾ മെമ്പർ സെക്രട്ടറി സമിതിക്കു മുമ്പാകെ ഹാജരാക്കേണ്ടതാണ്, അതായത്:—

1. പേര്;
2. ശിക്ഷാപ്രതിയുടെ നമ്പർ;
3. ശിക്ഷിച്ച തീയതി;
4. കേസ് നമ്പർ;
5. കോടതിയുടെ പേര്;
6. ജയിലിൽ പ്രവേശിപ്പിച്ച തീയതി;
7. യഥാർത്ഥ ശിക്ഷ;
8. സെറ്റ് ഓഫ്;
9. നേടിയ ശിക്ഷാ ഇളവ്;
10. ജാമ്യത്തിൽ നിന്ന കാലയളവ്;
11. ആകെ ശിക്ഷ;
12. അപ്പീലിന്റെ വിവരം;
13. നിഷ്കർഷിച്ചിട്ടുള്ള തരത്തിലുള്ള യോഗ്യത നേടിയിട്ടുണ്ടോ എന്ന്;
14. പോലീസ് റിപ്പോർട്ട്;
15. ജില്ലാ പ്രൊബേഷൻ ഓഫീസറുടെ റിപ്പോർട്ട്, സാമൂഹ്യ പ്രതികരണ വിലയിരുത്തൽ സഹിതം;
16. ജയിൽ സൂപ്രണ്ടിന്റെ റിപ്പോർട്ട്;
17. പ്രതികൂല അഭിപ്രായങ്ങൾ ഖണ്ഡിക്കുന്നതിനുള്ള വാദമുഖങ്ങൾ;
18. ഇന്ത്യാഗവൺമെന്റിൽ നിന്നോ കോടതികളിൽ നിന്നോ ഉള്ള പരാമർശം ഉണ്ടെങ്കിൽ അത്.

(2) വിടുതലിനായി പരിഗണിക്കുമ്പോൾ കുറ്റകൃത്യത്തിന് ഇരയായവരിൽ നിന്നുള്ള വിടുതലിനെ സംബന്ധിച്ച പ്രതികരണവും കാഴ്ചപ്പാടും കണക്കിലെടുക്കേണ്ടതാണ്. ഈ ആവശ്യത്തിലേക്കായി കുറ്റകൃത്യത്തിന് ഇരയായവരുടെ ബന്ധുക്കൾ, അയൽവാസികൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾ മുതലായവരെ ബന്ധപ്പെട്ട് അന്വേഷണം നടത്തേണ്ടതാണ്. ഇത്തരം അന്വേഷണം തടവുകാരുടെ ബന്ധുക്കളിൽ നിന്നുകൂടി നടത്തേണ്ടതാണ്. കുറ്റകൃത്യത്തിന് ഇരയായവരുടെ പ്രതികരണം വിലയിരുത്തുന്നതിനായി പോലീസ് ഉദ്യോഗസ്ഥനും പ്രൊബേഷൻ ഓഫീസറും നൽകുന്ന രഹസ്യാന്വേഷണ റിപ്പോർട്ടുകളും ഉപയോഗിക്കേണ്ടതാണ്. കുറ്റകൃത്യത്തിന് ഇരയായവരിൽനിന്നുള്ള പ്രതികരണം ജില്ലാ പ്രൊബേഷൻ ഓഫീസറിൽ നിന്നും ശേഖരിച്ച് പ്രസ്തുത റിപ്പോർട്ടിന്മേലുള്ള തന്റെ അഭിപ്രായം സഹിതം ബന്ധപ്പെട്ട കറക്ഷണൽ സ്ഥാപനത്തിലെ സൂപ്രണ്ട് സമിതി മുമ്പാകെ ഹാജരാക്കേണ്ടതാണ്.

(3) കുറ്റകൃത്യത്തിന് ഇരയായവരിൽനിന്നും ലഭ്യമാക്കിയ റിപ്പോർട്ട് അപര്യാപ്തമെന്നോ ക്രമരഹിതമെന്നോ തോന്നുന്ന പക്ഷം സമിതിയ്ക്ക് ഉചിതമെന്നു തോന്നുന്ന തരത്തിൽ മറ്റൊരു അന്വേഷണം ക്രമീകരിച്ച് ആവശ്യമായ റിപ്പോർട്ട് ലഭ്യമാക്കാവുന്നതാണ്. കേസ് പരിഗണിക്കുമ്പോൾ കുറ്റകൃത്യത്തിന് പ്രത്യക്ഷമായോ പരോക്ഷമായോ ഇരയായവരുടെ സാന്നിദ്ധ്യവും കമ്മിറ്റിയ്ക്ക് ആവശ്യപ്പെടാവുന്നതാണ്. മേൽപ്പറഞ്ഞ റിപ്പോർട്ടുകളുടെയും കുറ്റകൃത്യത്തിന് ഇരയായവരിൽ നിന്നുള്ള മൊഴികളുടെയും (അത്തരത്തിൽ എടുത്തിട്ടുണ്ടെങ്കിൽ) അടിസ്ഥാനത്തിൽ ഉപാധികളോടെയോ, ഉപാധിരഹിതമായോ സമിതിയ്ക്ക് ഉചിതമെന്നു തോന്നുന്നതരത്തിൽ കാലാവധി തീരുന്നതിന് മുമ്പുള്ള വിടുതലിന് ശുപാർശ ചെയ്യാവുന്നതാണ്.

466. ***സമിതിയുടെ യോഗം.***—(1) നിശ്ചിത തീയതിയിലും സമയത്തും സ്ഥലത്തും സമിതി കൂടേണ്ടതാണ്. സമിതി കൂടുന്നതിനുള്ള അറിയിപ്പ്, നിഷ്കർഷിച്ചിട്ടുള്ള പ്രമാണങ്ങളുടെ പകർപ്പും മുഴുവൻ കാര്യപരിപാടിയും സൂപ്രണ്ടിന്റെ കുറിപ്പും ഉൾപ്പെടെ ചെയർമാനും അംഗങ്ങൾക്കും സമിതി കൂടുന്നതിന് 10 ദിവസം മുമ്പെങ്കിലും നൽകിയിരിക്കേണ്ടതാണ്.

(2) പരിഗണിക്കേണ്ടുന്ന ഓരോ തടവുകാരുടേയും കേസുകൾ മെമ്പർസെക്രട്ടറി സമിതി മുമ്പാകെ ഹാജരാക്കേണ്ടതാണ്. സമിതി ഓരോ കേസും പരിശോധിച്ച് കഴിയുന്നിടത്തോളം ഐക്യകണ്ഠേനയുള്ള ശുപാർശ നൽകേണ്ടതാണ്. വിയോജനമുള്ളപക്ഷം ഭൂരിപക്ഷത്തിന്റെ അഭിപ്രായം സമിതിയുടെ അഭിപ്രായമായി പരിഗണിക്കേണ്ടതാണ്. വ്യത്യസ്ത അഭിപ്രായങ്ങൾ തുല്യമാകുന്ന അവസരങ്ങളിൽ ചെയർമാന്റെ തീരുമാനം അന്തിമമായിരിക്കുന്നതാണ്.

(3) ഓരോ തടവുകാരന്റെയും കാലാവധി തീരുന്നതിന് മുമ്പുള്ള വിടുതലിനായുള്ള ശുപാർശ പരിഗണിക്കുമ്പോൾ തടവുകാരന്റെയും സമൂഹത്തിന്റെ ആകെയുമുള്ള ക്ഷേമത്തിനും സർക്കാരോ കോടതികളോ ശിക്ഷാ ഇളവിനെ സംബന്ധിച്ച് നൽകിയിട്ടുള്ള പൊതു തത്ത്വങ്ങൾക്കും കീഴ്വഴക്കങ്ങൾക്കും പരമ പ്രാധാന്യം കൽപ്പിക്കേണ്ടതാണ്. അനുമാനങ്ങളുടെ അടിസ്ഥാനത്തിലുള്ളതും സാങ്കൽപ്പികവുമായ കാരണങ്ങളാൽ പോലീസിൽ നിന്നുള്ള ശുപാർശ അനുകൂലമല്ല എന്ന കാരണത്താൽ മാത്രം ഒരു തടവുകാരന്റെ അകാലവിടുതലിനായുള്ള ശുപാർശ സമിതി തള്ളിക്കളയുവാൻ പാടുള്ളതല്ല. തടവുകാരൻ കുറ്റകൃത്യം നടത്തിയപ്പോഴുള്ള സാഹചര്യങ്ങളും വിടുതലായി കഴിഞ്ഞാൽ വീണ്ടും അത്തരത്തിലുള്ളതോ മറ്റുതരത്തിലുള്ളതോ കുറ്റകൃത്യത്തിലേർപ്പെടാനുള്ള പ്രവണതയും കണക്കിലെടുത്തുവേണം വിടുതലിനായി ശുപാർശ സമർപ്പിക്കേണ്ടത്.

(4) ഒന്നോ അതിലധികമോ പ്രാവശ്യം സമിതി അകാലവിടുതലിനുള്ള ശുപാർശ നിരാകരിച്ചു എന്നത് വീണ്ടും പരിഗണിക്കുന്നതിന് തടസമാകുന്നതല്ല. ഇത്തരത്തിൽ നിരസിച്ച ഒരു ശിക്ഷാപ്രതിയുടെ കേസ് ഒരു വർഷം കഴിഞ്ഞുമാത്രമേ പുനഃപരിശോധിക്കുവാൻ പാടുള്ളു. പുനഃപരിശോധനയ്ക്ക് ജയിൽ സൂപ്രണ്ടിന്റെ പുതിയ റിപ്പോർട്ട് ആവശ്യമാണ്. ഇത്തരത്തിലുള്ള പുനഃപരിശോധന കാലാവധി തീരുന്നതിന് മുമ്പുള്ള വിടുതലിനുള്ള ശുപാർശ നിരസിച്ചതിന് ശേഷമുള്ള തടവുകാരന്റെ ജയിലിലെ സ്വഭാവത്തിന്റെ അടിസ്ഥാനത്തിലാകണം, അല്ലാതെ മുമ്പ് നിരസിക്കുന്നതിന് അവലംബമാക്കിയ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിലാവരുത്.

467. ***ശുപാർശയുടെ സ്വഭാവം.***—കാലാവധി തീരുന്നതിന് മുമ്പുള്ള വിടുതലിനുവേണ്ടി സമിതിയുടെ ശുപാർശയിൽ കേസിന്റെ വിശദമായ വിശകലനവും ലഭ്യമായ വിവരങ്ങൾ/ റിപ്പോർട്ടുകൾ എന്നിവയുടെ സ്വഭാവവും ശുപാർശ ചെയ്യുന്നതിനുള്ള കാരണങ്ങളും അടങ്ങിയതായിരിക്കണം.

468. ***അന്തിമ തീരുമാനം.***—സമിതിയുടെ ശുപാർശ കാലതാമസംകൂടാതെ സർക്കാരിന്റെ പരിഗണനയ്ക്ക് സമർപ്പിക്കേണ്ടതാണ്. സമിതിയുടെ ശുപാർശ സ്വീകരിക്കുന്നതിനോ നിരാകരിക്കുന്നതിനോ ഒരു പ്രത്യേക കേസ് പുനഃപരിശോധിക്കുന്നതിനോ സർക്കാരിന് ആവശ്യപ്പെടാവുന്നതാണ്.

469. ***അവധിയെ സംബന്ധിച്ചുള്ള സമിതിയുടെ അധിക ചുമതലകൾ.***—(1) ഒന്നിലധികം പ്രാവശ്യം ക്രമസമാധാനപ്രശ്നം ചൂണ്ടിക്കാണിച്ചിട്ടുള്ള സ്റ്റേഷൻഹൗസ് ഓഫീസറുടെ അനുകൂലമല്ലാത്ത റിപ്പോർട്ടുകൾ ലഭിക്കുകയും മറ്റ് എല്ലാ തരത്തിലും അവധിയിൽ പോകുന്നതിന് യോഗ്യത ഉണ്ടായിരിക്കുകയും ചെയ്യുന്നപക്ഷം ഈ റൂളുകളിലെ മറ്റേതെങ്കിലും വ്യവസ്ഥകൾക്ക് വിരുദ്ധമാണെങ്കിൽകൂടി അവധിയ്ക്ക് അപേക്ഷിച്ചിട്ടുള്ള ഇത്തരം കേസുകൾ സമിതിയ്ക്ക് പരിശോധിക്കാവുന്നതും ഉചിതമെന്ന് കാണുന്ന കേസുകൾ അവധി അനുവദിക്കുന്നതിനായി സർക്കാരിലേയ്ക്ക് ശുപാർശ ചെയ്യാവുന്നതും, സർക്കാരിന് അവധി അനുവദിക്കാവുന്നതുമാണ്.

(2) സമിതി കൂടുന്ന വേളകളിൽ ഇത്തരം കേസുകൾ മെമ്പർ സെക്രട്ടറി സമിതി മുമ്പാകെ വയ്ക്കേണ്ടതാണ്.

470. ***വിടുതലുകൾ .***—സമിതിയുടെ ശുപാർശ അനുസരിച്ച് വിടുതലാക്കപ്പെട്ടവർ ബോണ്ടിൽ നിഷ്ക്കർഷിച്ച പ്രൊബേഷൻ കാലയളവിലെ സ്വഭാവം തൃപ്തികരമാണെന്ന് റിപ്പോർട്ട് ലഭിച്ചാൽ പ്രസ്തുത കാലാവധി പൂർത്തിയാക്കിയ തീയതി മുതൽ പൂർണ്ണമായും വിടുതലായതായി കണക്കാക്കേണ്ടതാണ്. എന്നാൽ മേൽപ്പറഞ്ഞ പ്രൊബേഷൻ ഓഫീസറുടെ നിരീക്ഷണ കാലയളവിൽ ഏതെങ്കിലും വ്യവസ്ഥകൾ ലംഘിച്ചതായി ജില്ലാ പ്രൊബേഷൻ ഓഫീസർക്ക് ബോധ്യപ്പെട്ടാൽ, പ്രസ്തുത വിവരം ഡയറക്ടർ ജനറലിനെയും, സാമൂഹ്യക്ഷേമവകുപ്പ് ഡയറക്ടറേയും, ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റിനെയും, വിടുതൽ ചെയ്യപ്പെട്ട സ്ഥാപനത്തിലെ സൂപ്രണ്ടിനെയും അറിയിക്കേണ്ടതും ഡയറക്ടർ ജനറൽ പ്രസ്തുത വിവരം സർക്കാരിനെ അറിയിക്കേണ്ടതും ഉചിതമെന്ന് കാണുകയാണെങ്കിൽ ക്രിമിനൽ നടപടി നിയമ സംഹിതയിലെ 432-ാം വകുപ്പു പ്രാകരം നൽകിയ ശിക്ഷാ ഇളവ് റദ്ദ് ചെയ്യാവുന്നതും അങ്ങനെയുള്ള കേസുകളിൽ വാറണ്ട് കൂടാതെ അത്തരം പ്രതികളെ അറസ്റ്റ് ചെയ്ത് ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റ് മുമ്പാകെ ഹാജരാക്കേണ്ടതുമാണ്. ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റ് ഉടനെതന്നെ ജില്ലാ പ്രൊബേഷൻ ഓഫീസറിൽ നിന്നും ബന്ധപ്പെട്ട രേഖകൾ വിളിച്ചുവരുത്തി പരിശോധിച്ച് അവശേഷിക്കുന്ന ശിക്ഷ അനുഭവിക്കുന്നതിനായി അയാളെ ജയിലിൽ അയക്കേണ്ടതുമാണ്.